LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

*13 [73] ശ്രീ. ടി. കെ. ബാലൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ഡോ. തോമസ് ഐസക്:

,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ;

(ബി) പരിഷ്ക്കരണ നടപടികളും ചെലവു ചുരുക്കലും കൊണ്ട് ധനസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ;

(സി) ധന കമ്മിയും റവന്യു കമ്മിയും എത്രകണ്ട് കുറയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ കമ്മി കുറയ്ക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഭരണ നവീകരണവും സാമ്പത്തിക പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 31-3-2004 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യു വരുമാനം 11,733 കോടി രൂപയും, റവന്യു ചെലവ് 15,504 കോടി രൂപയും റവന്യു കമ്മി 3771 കോടി രൂപയും ധന കമ്മി 5296.00 കോടി രൂപയുമാണ്.

(ബി) ഉണ്ട്.

(സി) 31-3-2004 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷവുമായി ടി കണക്കുകൾ താരതമ്യപ്പെടുത്തുമ്പോൾ ധന കമ്മിയിൽ വന്നിട്ടുള്ള വ്യത്യാസം 305.96 കോടിയും റവന്യു കമ്മിയിൽ വന്നിട്ടുള്ള കുറവ് 351.16 കോടി രൂപയാണ്.

(ഡി) റവന്യു വരുമാനം വർദ്ധിപ്പിക്കാനും, റവന്യു ചെലവുകൾ പരമാവധി ചുരുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെലവുകൾ ചുരുക്കുന്നതിനായി ഇതിനകം പല

ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ ഉത്തരവാദിത്ത ബിൽ പ്രകാരം 2007 മാർച്ച് മാസത്തോടെ റവന്യു കമ്മി ഇല്ലാതാക്കാനും, ധന കമ്മി എസ്.ഡി.പി.-യുടെ 1.5% ആയി നിജപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

(ഇ) 26-11-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്സ്.) നം. 345/03 പൊ.ഭ.വ. പ്രകാരം അംഗീകരിക്കപ്പെട്ടതും, 17 ഭരണ വകുപ്പുകൾ വഴി നിർവ്വഹിക്കേണ്ടതുമായ 93 ഉദ്യമങ്ങളിൽ ചില വകുപ്പുകളുമായി ബന്ധപ്പെട്ട ഏതാനും ഉദ്യമങ്ങളുടെ നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞു. മറ്റു വകുപ്പുകളുടെ നിർവ്വഹണത്തിനാവശ്യമായ ബജറ്റ് തയ്യാറാക്കൽ, സാങ്കേതിക സഹായം ആവശ്യമായ മേഖലകളുടെ കണ്ടെത്തൽ, പരിശീലന പരിപാടികൾ തുടങ്ങിയവ പുരോഗമിക്കുന്നു. ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി അംഗീകരിച്ച സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണത്തിനായി വിവിധ വകുപ്പുകളിൽപ്പെടുന്ന 2605 സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത്, ആവശ്യമായ പരീശീലന പരിപാടി നടത്തി വരുന്നു. സർക്കാർ ഗ്യാരന്റിയുടെ പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമനം, ധനസംബന്ധമായ ഉത്തരവാദിത്തനിയമം എന്നിവ നടപ്പിലാക്കി വരുന്നു. ഉപധനാഭ്യർത്ഥനകളുടെ എണ്ണം രണ്ടായി കുറയ്ക്കുവാൻ തീരുമാനിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ എല്ലാ വർഷവും ഒക്ടോബറിൽ നിയമസഭയിൽ വയ്ക്കാൻ തീരുമാനിച്ചു.

കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി

*14 [74] ശ്രീ. ടി. എൻ. പ്രതാപൻ:

,, എൻ. ശക്തൻ:

,, ഇ. എം. അഗസ്തി:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇപ്പോൾ കയർഫെഡ് കയർ കയറ്റുമതി പുനരാരംഭിച്ചോ;

(ഡി) ഈ വർഷം കയറ്റുമതി ചെയ്യാനുദ്ദേശിക്കുന്ന കയർ ഉല്പന്നങ്ങളുടെ വിശദാംശം അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കയർഫെഡ് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി നിർത്തിവച്ചിട്ടില്ല. 2000-2001, 2001-02 എന്നീ വർഷങ്ങളിൽ ഓർഡറുകൾ ലഭിക്കാത്തതിനാൽ കയറ്റുമതി നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly